"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

72-ാമത് നെഹ്റു ട്രോഫി വള്ളംകളി, 2026 - സർക്കാർ ഓഫീസുകൾ മുഖേന പ്രവേശന ടിക്കറ്റ് വിൽപ്പന നടത്തി ഫണ്ട് സ്വരൂപിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുഭരണ(സർവീസസ്-ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.3015/2026/GAD തീയതി,തിരുവനന്തപുരം, 17-06-2026

---

പരാമർശം:- ആലപ്പുഴ സബ് കളക്ടറുടെ 21/05/2026 ലെ ഡി1/2026/2026 നമ്പർ അർദ്ധ ഔദ്യോഗികക്കത്ത്.

**ഉത്തരവ്**

ആലപ്പുഴ ജില്ലയിലെ പുന്നമടക്കായലിൽ വെച്ച് 22/08/2026 ന് നടത്താൻ നിശ്ചയിച്ചിട്ടുള്ള 72-ാമത് നെഹ്റു ട്രോഫി വള്ളംകളിയുടെ നടത്തിപ്പിന് ഫണ്ട് സ്വരൂപിക്കുന്നതിനായി ആലപ്പുഴ, എറണാകുളം, കൊല്ലം, കോട്ടയം, പത്തനംതിട്ട, മലപ്പുറം, പാലക്കാട്, തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് എന്നീ ജില്ലകളിലെ സർക്കാർ ഓഫീസുകൾ മുഖേന പ്രവേശന ടിക്കറ്റുകൾ വിൽക്കുന്നതിന് അനുമതി നൽകണമെന്ന് പരാമർശത്തിലെ കത്ത് പ്രകാരം ആലപ്പുഴ സബ് കളക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 72-ാമത് നെഹ്റു ട്രോഫി വള്ളംകളിയുടെ നടത്തിപ്പിന് ഫണ്ട് സ്വരൂപിക്കുന്നതിലേക്ക്, കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റച്ചട്ടങ്ങളിലെ ചട്ടം 14 പ്രകാരം യാതൊരുവിധ പ്രേരണയോ നിർബന്ധമോ കൂടാതെ, ആലപ്പുഴ, എറണാകുളം, കൊല്ലം, കോട്ടയം, പത്തനംതിട്ട, മലപ്പുറം, പാലക്കാട്, തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് എന്നീ ജില്ലകളിലെ സർക്കാർ ഓഫീസുകൾ മുഖേന പ്രവേശന ടിക്കറ്റുകൾ വിൽക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**കെ ബിജു ഐ എ എസ്**

**സെക്രട്ടറി**

1. സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പടെയുള്ള എല്ലാ വകുപ്പുകൾക്കും. (ഇ-ഓഫീസ് നോട്ടീസ് ബോർഡ് മുഖേന)
2. ജില്ലാ കളക്ടർ - ആലപ്പുഴ, എറണാകുളം, കൊല്ലം, കോട്ടയം, പത്തനംതിട്ട, മലപ്പുറം, പാലക്കാട്, തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട്.

3. സബ് കളക്ടർ, ആലപ്പുഴ.
4. സ്റ്റേഷൻ ഡയറക്ടർ, ദൂരദർശൻ കേന്ദ്രം / ആകാശവാണി, തിരുവനന്തപുരം.
5. ഐ & പി ആർ ഡി (വെബ് & ന്യൂ മീഡിയ). (ഉത്തരവ് സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
6. കരുതൽ ഫയൽ / ഓഫീസ് പകർപ്പ് (എസ്ഡി1/104/2026/ജിഎഡി)

ഉത്തരവിൻ പ്രകാരം

Signed by
Badusha S
Date: 17-06-2026 15:34:38

സെക്ഷൻ ഓഫീസർ